(സി) സ്വകാര്യ മേഖലയിൽ എത്ര എയ്ഡഡ് സ്കൂളുകൾ ആരംഭിച്ചു ; എത്ര എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ;

(ഡി) മലബാർ മേഖലയിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) ഹയർ സെക്കന്ററി തലംവരെ ഈ സർക്കാർ വന്നശേഷം എത്ര അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഹയർ സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനം കാര്യക്ഷമമാക്കുവാൻ നടപടി

7 (2008) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കമ്പ്യൂട്ടർ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി ഈ വർഷം എത്ര രൂപ ചെലവഴിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ എത്ര സ്കൂളുകളെ സ്മാർട്ട് സ്കൂളുകളാക്കിയിട്ടുണ്ട് ; ഈ സ്കൂളുകളിൽ എന്തെല്ലാം പ്രത്യേക സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) സ്കൂളുകളിൽ ഐ.ടി. അധിഷ്ഠിത പഠന സമ്പ്രദായം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. സഹായത്തോടെയുള്ള പഠനത്തിനാണ് ഊന്നൽ കൊടുക്കുന്നത്. ഇത് നേടുന്നതിന് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ:

LIBRARY ARCHIVES Kerala Legislative Assembly

1. സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

2. ഫലപ്രദമായ അധ്യാപക പരിശീലനം നൽകുക എന്നിവയാണ്.

ഐ.സി.ടി. സ്കീമിൽ ഉൾപ്പെട്ട എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിവരികയാണ്. എല്ലാ സ്കൂളുകളിലും സ്കൂളിന്റെ ആവശ്യത്തിനനുസരിച്ച് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, നെറ്റ്ബുക്ക്, പ്രിന്റർ, സ്കാനർ, ജനറേറ്റർ, ഡിജിറ്റൽ ക്യാമറ, മൾട്ടി പർപ്പസ് പ്രിന്റർ തുടങ്ങിയവ നൽകിവരുന്നു. എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും അടിസ്ഥാന ഐ.ടി. പരിശീലനം, വിഷയബന്ധിതമായ ഐ.ടി. പരിശീലനം എന്നിവ നൽകിക്കഴിഞ്ഞു. യു.പി. വിഭാഗം അധ്യാപകർക്കും ഐ.ടി. പരിശീലനം നൽകിവരികയാണ്.

(ബി) സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും നൽകിവരുന്നു. കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ ഒന്നിൽ കൂടുതൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നുണ്ട്. കമ്പ്യൂട്ടർ ലാബുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭിക്കുന്നതിന് ബ്രോഡ്ബാൻഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ലാബുകൾ വൈദ്യുതീകരിക്കുന്നതിനും ലാബിലെ കമ്പ്യൂട്ടറുകൾ നെറ്റ്വർക്ക് ചെയ്യുന്നതിനും ആവശ്യമുള്ള സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഐ.സി.ടി. പദ്ധതി പ്രകാരം ഈ വർഷം 54.28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ അഞ്ച് സ്കൂളുകളെ സ്മാർട്ട് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഒരു വർഷം ഏകദേശം 25 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് പ്രസ്തുത സ്കൂളുകൾക്ക് നൽകുന്നത്.

(ഡി) ഐ.സി.ടി. അധിഷ്ഠിത പഠന സമ്പ്രദായം നടപ്പാക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ നൽകിയിട്ടുണ്ട്. അധ്യാപകർക്ക് വിഷയബന്ധിതമായ പരിശീലനം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിഷയബന്ധിതമായ ഫലപ്രദമായ അധ്യാപനം സാധ്യമാക്കുന്നതിനായി സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രോജക്ടർ, റിസോഴ്സ് സി.ഡി.കൾ എന്നിവയും നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തനം വിപുലമാക്കുന്നതിനുള്ള നടപടി

8 (2009) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തനം വിപുലമാക്കുന്നതിന് നിയമിച്ച അച്ചുതൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly